**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1017** **30.09.2016 ൽ മറുപടിയ്ക്ക്**

**"കുട്ടനാട്ടിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി"**

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കുട്ടനാട്ടിലെ കൃഷിയിടങ്ങളിൽ കീടനാശിനിയുടെ ഉപയോഗം മൂലം പ്രസ്തുത പ്രദേശത്തെ ജലം മലിനമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ജീവജാലങ്ങൾക്ക് ഹാനികരമായ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ? | (ബി) സ്വീകരിച്ചിട്ടുണ്ട്. പൂർണ്ണമായും ജൈവകൃഷി യിലേക്കുള്ള മാറ്റം പെട്ടെന്ന് സാധ്യമല്ല. രാസവസ്തുക്കളുടെ ഉപയോഗം പരമാവധി കുറച്ചും കാര്യക്ഷമമായും ഉപയോഗിച്ചു കൊണ്ടുള്ള നല്ല കാർഷിക മുറകൾ (Good Agriculture Practices), സംയോജിത കീട രോഗ നിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ നടപ്പാക്കി വരുന്നു. ഹാനികരമായ കീടനാശിനികളുടെ ഉപ യോഗം കുറയ്ക്കുന്നതിന് കർഷകർക്ക് പരിശീ ലനവും ബോധവത്കരണവും നൽകി വരുന്നു. ജൈവകൃഷി പ്രോത്സാഹി പ്പിക്കുന്നതിനും കീട നിയന്ത്രണത്തിനും ആവശ്യമായ ഉപാധികൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിൽ മാരക കീടനാശിനികളുടെ ഉപയോഗം തടയുന്ന തിലേക്ക് സംസ്ഥാനതല കാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന ജില്ലാതല സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**